ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,
തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്,
കവടിയാർ പി.ഒ തിരുവനന്തപുരം – 695003
ഫോൺ : 0471-2727255, 2314526
ഇ-മെയിൽ : pd.lsgd@kerala.gov.in
വെബ്സൈറ്റ്: lsgd.kerala.gov.in

**LSGD/PD/10799/2023-VIGD4** തീയതി: 04-09-2026

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - കോഴിക്കോട് ജില്ല - കോടഞ്ചേരി ഗ്രാമപഞ്ചായത്ത് - ക്ലാർക്ക് ശ്രീ. ജോർജ്ജ് വിൽഫ്രഡ് കാർഡോസ് ജെ. എന്നവർക്കെതിരെ 1960 ലെ KCS(CC&A) ചട്ടം 15 പ്രകാരം ആരംഭിച്ച അച്ചടക്കനടപടി - ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1. കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ 29/11/2022, 06/03/2023 എന്നീ തീയതികളിലെ DDP-KKD/1932/2022-A6 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 03/08/2023 തീയതിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 19/08/2024 തിയതിയിലെ LSGD/JD/KKD/654/2023-A4 നമ്പർ കത്ത്.
4. ഈ കാര്യാലയത്തിലെ 29/08/2024, 15/06/2025 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത്.
5. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 02/07/2025 തീയതിയിലെ LSGD/JD/KKD/654/2023-A4 നമ്പർ കത്ത്.
6. ഈ കാര്യാലയത്തിലെ 23/07/2025 തീയതിയിലെ ഇതേ നമ്പർ കത്ത്.
7. കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 29/07/2025 തീയതിയിലെ LSGD/JD/KLM/6960/2024-A7 നമ്പർ റിപ്പോർട്ട്.
8. ഈ കാര്യാലയത്തിലെ 15/09/2025 തീയതിയിലെ ഇതേ നമ്പർ Appendix H4, Appendix H5, കത്ത്.
9. ഈ കാര്യാലയത്തിലെ 29/10/2025, 16/05/2026 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവ്.
10. കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ 27/06/2026

തീയതിയിലെ LSGD/JD/KKD/654/2023-A12/A4 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

11. ഈ കാര്യാലയത്തിലെ 15/07/2026 തീയതിയിലെ ഇതേ നമ്പർ ഹിയറിങ് നോട്ടീസ്.
12. കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും 16/07/2026 തീയതിയിൽ ശ്രീ. ജോർജ്ജ് വിൽഫ്രഡ് കാർഡോസ് ജെ. യ്ക്ക് അയച്ചിട്ടുള്ള കത്ത്.

കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ താങ്കൾക്ക് 03.06.1996 തീയതിയിലെ സ.ഉ.(സാധാ)നം.2032/96/LAD, 01.06.2001 തീയതിയിലെ സ.ഉ.(സാധാ)നം.1955/2001/LSGD, 16.06.2006 തീയതിയിലെ സ.ഉ.(സാധാ)നം.1438/2006/LSGD, 10.06.2013 തീയതിയിലെ സ.ഉ.(സാധാ)നം. 1502/2013/LSGD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം 03.06.2016 വരെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ അനുവദിക്കപ്പെട്ട അവധിക്ക് ശേഷവും ജോലിയിൽ പുനഃപ്രവേശിക്കാതെ, 04.06.2016 തീയതി മുതൽ താങ്കൾ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതായി സൂചന (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൽ 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 അനുശാസിക്കും വിധം ഈ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകി അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി. ടി പത്രികയിലെ കുറ്റാരോപണങ്ങൾ ചുവടെ ചേർക്കുന്നു.

*കോഴിക്കോട് ജില്ലയിലെ കോടഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വന്നിരുന്ന താങ്കൾ സർക്കാരിന്റെ 03.06.1996 തീയതിയിലെ സ.ഉ. (സാധാ)നം. 2032/96/LAD, 01.06.2001 തീയതിയിലെ സ.ഉ.(സാധാ)നം. 1955/2001/LSGD, 16.06.2006 തീയതിയിലെ സ.ഉ.(സാധാ)നം. 1438/2006/LSGD, 10.06.2013 സ.ഉ.(സാധാ) നം.1502/2013/LSGD എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം 03.06.2016 വരെ അനുവദിക്കപ്പെട്ട അവധിക്ക് ശേഷവും ജോലിയിൽ പുനഃപ്രവേശിക്കാതെ, 04.06.2016 തീയതി മുതൽ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നു. താങ്കളുടെ ഈ നടപടി ഗുരുതരമായ ചട്ടലംഘനവും, കൃത്യവിലോപവും, സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ ലംഘനവും, ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലെ വീഴ്ചയും, സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധവുമാണെന്ന് കാണുന്നു.*

എന്നാൽ ടി കുറ്റാരോപണ മെമ്മോ/പത്രിക വിതരണം ചെയ്യപ്പെടാതെ "Left India" എന്ന പുറത്തെഴുത്ത് സഹിതം പോസ്റ്റൽ അധികാരികൾ ഡിപ്പാർട്ടുമെന്റിലേക്ക് മടക്കിയതായി സൂചന (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. താങ്കളുടെ മേൽവിലാസം കൊല്ലം ജില്ലയിലായതിനാൽ നോട്ടീസ് പതിച്ച് നടത്തുന്നതിനു സൂചന (4), സൂചന (6) എന്നിവ പ്രകാരം കോഴിക്കോട്, കൊല്ലം എന്നീ ജില്ലാ കാര്യാലയങ്ങളിലേക്കു കത്ത് നൽകിയിരുന്നു. ആയതിൽ കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിൽ താങ്കൾക്കു വീടില്ലെന്നും താങ്കൾ കുടുംബസമേതം കുവൈറ്റിലാണെന്നും സൂചന (7) പ്രകാരം കൊല്ലം ജില്ലാ കാര്യാലയത്തിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു. ടി വിഷയത്തിൽ താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി സൂചന (8) പ്രകാരമുള്ള നോട്ടീസ് തയ്യാറാക്കി ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനു നൽകുകയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ടി അച്ചടക്കനടപടി സംബന്ധിച്ച വിവരം 20/09/2025 തീയതിയിലെ മാതൃഭൂമി, ദീപിക എന്നീ

ദിനപത്രങ്ങളിൽ തിരുവനന്തപുരം, കോഴിക്കോട് എന്നീ എഡിഷനുകളിൽ പ്രസിദ്ധീകരിച്ചു വന്നുവെങ്കിലും താങ്കൾ നാളിതുവരെ മറുപടി നല്കിയിട്ടില്ലാത്തതാണ്.

ടി സാഹചര്യത്തിൽ താങ്കൾക്കെതിരെയുള്ള അച്ചടക്കനടപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടുകൊണ്ട് ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സൂചന (9) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രവികുമാർ കെ. വി.യെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഔപചാരിക അന്വേഷണ റിപ്പോർട്ട് സൂചന (10) പ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിച്ചിരുന്നു. ടി ഉദ്യോഗസ്ഥൻ താങ്കളെ നേരിൽ കേൾക്കുന്നതിനും രേഖകളുടെ പരിശോധനയ്ക്കുമായി 03/06/2026 തീയതി കോടഞ്ചേരി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നേരിട്ട് ഹാജരാകുകയുണ്ടായി. എന്നാൽ താങ്കൾ പ്രസ്തുത അന്വേഷണ സമയത്തും നേരിട്ട് ഹാജരാവുകയോ പ്രതിനിധിയെ നിയോഗിക്കുകയോ രേഖാമൂലമുള്ള മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. താങ്കൾക്ക് കോടഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന ഹിയറിംഗ് അറിയിപ്പ് നൽകിയെങ്കിലും ആയത് താങ്കൾ കൈപ്പറ്റാതെ "Unclaimed returned to sender" എന്ന പുറത്തെഴുത്തോടെ മടങ്ങിയിട്ടുള്ളതാണ്. താങ്കൾ അവധിക്ക് ശേഷം ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന 04.06.2016 തീയതി മുതൽ നാളിതുവരെ (തുടർച്ചയായി 10 വർഷത്തോളമായി) കാര്യമായ യാതൊരു കാരണവുമില്ലാതെയും, മുൻകൂർ അനുമതി കൂടാതെയും ജോലിക്ക് ഹാജരായിട്ടില്ലാത്തതാണ്. കുറ്റാരോപിതൻ അന്വേഷണത്തിൽ സഹകരിക്കുകയോ തന്റെ ഭാഗം ന്യായീകരിക്കാൻ തക്കവണ്ണമുള്ള മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നും പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ യാതൊരുവിധ അവധി അപേക്ഷയോ മെഡിക്കൽ സർട്ടിഫിക്കറ്റുകളോ താങ്കൾ സമർപ്പിച്ചതായി കാണുന്നില്ലെന്നും സർക്കാർ ചട്ടങ്ങൾക്ക് വിധേയമല്ലാതെ താങ്കൾ വിദേശത്തേക്ക് പോയിയെന്നും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

അച്ചടക്കനടപടിയിൽ തുടർനടപടി സ്വീകരിക്കുന്നതിന് താങ്കളെ നേരിൽ കേൾക്കേണ്ടത് അനിവാര്യമാണെന്നു കണ്ടതിനാൽ സൂചന (11) പ്രകാരമുള്ള ഹിയറിങ് നോട്ടീസ് താങ്കളുടെ മേൽവിലാസത്തിലേക്ക് അയച്ചുനൽകുകയുണ്ടായി. എന്നാൽ താങ്കൾ 18/07/2026 തീയതിയിലെ ടി നേർകാഴ്ചയിൽ പങ്കെടുക്കുകയോ ഹാജരാകാത്തതിനു നാളിതുവരെ മറുപടി നൽകുകയോ ചെയ്തിട്ടില്ലാത്തതാണ്. സൂചന (10) പ്രകാരമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട്, ലഭ്യമായ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ 24/04/1996 ൽ സേവനത്തിൽ പ്രവേശിച്ച താങ്കൾ 04/06/1996 മുതൽ 03/06/2016 വരെ 5 വർഷം വീതമുള്ള അനുമതിയോടെയുള്ള ശമ്പളമില്ലാത്ത അവധിയിൽ നിൽക്കുകയും തുടർന്ന് 04.06.2016 തീയതി മുതൽ നാളിതുവരെ താങ്കൾ അവധിയ്ക്ക് അപേക്ഷ പോലും സമർപ്പിക്കാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും ചെയ്യുന്നു. താങ്കൾ ഇപ്രകാരം അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നത് ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവും ആണ്. കൂടാതെ താങ്കൾ അന്വേഷണത്തിൽ സഹകരിക്കുകയോ താങ്കളുടെ ഭാഗം ന്യായീകരിക്കാൻ തക്കവണ്ണമുള്ള മറുപടി നൽകുകയോ ചെയ്തിട്ടില്ലെന്നും കാണുന്നു. കേരള സർവീസ് റൂൾസ് (KSR) പാർട്ട് 1, റൂൾ 24A പ്രകാരവും, 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും 5 വർഷത്തിൽ കൂടുതൽ തുടർച്ചയായി അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്ന ജീവനക്കാരെ സർവ്വീസിൽ നിലനിർത്താൻ വ്യവസ്ഥയില്ലാത്തതും തക്കതായ കാരണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയതു ബോധിപ്പിക്കുന്നതിനു

അവസരം നല്കിയിട്ടുള്ളതുമാണ്. താങ്കൾ സേവനത്തിൽ നിന്നും വിരമിക്കുന്നത് 30/04/2027 തീയതിയിലാണെന്നിരിക്കെ അകാരണമായി ഓഫീസിൽ ഹാജരാകാത്തതു ഗുരുതരമായ വീഴ്ചയാണെന്നുള്ളത് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ താങ്കൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 15 പ്രകാരം ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടി 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ചട്ടം 11 (1) (vii) പ്രകാരം **താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ചിരിക്കുന്നു.** പ്രസ്തുത താത്കാലിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ തക്കതായ വിധത്തിലുള്ള കാരണങ്ങളെന്തെങ്കിലും താങ്കൾക്ക് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ ഇനിയൊരറിയിപ്പ് കൂടാതെ പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നുള്ള വിവരം താങ്കളെ അറിയിക്കുന്നു.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

ശ്രീ. ജോർജ് വിൽഫ്രഡ് കാർഡോസ് ജെ.
ക്ലാർക്ക്, കോടഞ്ചേരി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്.
(നിലവിൽ അനധികൃത ഹാജരില്ലായ്മയിൽ)
(ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട് മുഖേന)

ഉള്ളടക്കം: സൂചന (10) റിപ്പോർട്ട്.

പകർപ്പ്: 1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട് (അസ്സൽ സ്വീകർത്താവിന് നൽകി പകർപ്പിൽ ടിയാന്റെ ഒപ്പും, പേരും, കൈപ്പറ്റ് തീയതിയും ലഭ്യമാക്കി കൈപ്പറ്റ് പകർപ്പ് സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി)
2. സെക്രട്ടറി, കോടഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.
3. കരുതൽ ഫയൽ/ ഓഫീസ് കോപ്പി